**ഭരണഭാഷ മാതൃഭാഷ**

**ഓർമ്മക്കുറിപ്പ്-1**

നം/ഐസിഡിഎസ്സ്/എ7-1915/2020

വനിതശിശുവികസനഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി - 28/10/2021
ഇമെയിൽ-directorate.wcd@kerala.gov.in
ഫോൺ നം 0471-2346534

വനിതശിശുവികസനഡയറക്ടർ

പ്രോഗ്രാം ആഫീസർ
(കൊല്ലം,ആലപ്പുഴ,മലപ്പുറം,കാസർഗോഡ്
,വയനാട്,പാലക്കാട്,കോട്ടയം)

സർ

വിഷയം : വനിതശിശുവികസനവകുപ്പ്-ഐസിഡിഎസ്സ്- 2016-17 വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് -അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 07/10/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-1915/2020 നമ്പർ കത്ത്

2016-17 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയ 200 അങ്കണവാടികളിൽ നിർമ്മാണം ആരംഭിക്കാതിരുന്ന 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല PWD ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി LSGD ചീഫ് എഞ്ചിനീയർക്ക് നല്കി ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഉൾപ്പെട്ട് നിർമ്മാണാനുമതി നൽകിയ അങ്കണവാടികളിൽ വിവിധകാരണങ്ങളാൽ നിർമ്മാണം സാദ്ധ്യമാകാത്തതും മറ്റ് പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം പുരോഗമിക്കുന്നതോ/പൂർത്തിയാക്കിയതോ ആയ അങ്കണവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനായി അത്തരം അങ്കണവാടികളുടെ വിവരം സിഡിപിഒമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ആയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ട അങ്കണവാടികളുടെ വിവരം അടിയന്തിരമായി ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

Sende

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി